ഉത്തരം

(എ&ബി) ചേലക്കര MRS കെട്ടിട നിർമ്മാണത്തിനായി 590 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 27-12-2014-ലെ സ.ഉ.(കൈ) നമ്പർ 100/14 പജ. പവ. വിവ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമായുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 20-5-2015-ൽ പട്ടികജാതി വികസന വകുപ്പിലെയും പൊതുമരാമത്ത്, വനം വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**നടക്കാവ് മോഡൽ കോളനി**

**298 (963)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയിൽ ആരംഭിച്ച മോഡൽ കോളനി വികസന പ്രവർത്തനത്തിൽ വ്യാപകമായി അപാകതകളുള്ളതായി ഉപഭോക്താക്കൾ അറിയിച്ചിട്ടും ഇതു സംബന്ധിച്ച് ഒരു നടപടിയും സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കോളനിയിൽ എത്ര തുകയുടെ വികസനമാണ് നടത്തിയതെന്നും ഇനിയും എത്ര തുകയുടെ വികസന പ്രവർത്തനം നടത്താനുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയിൽ ആരംഭിച്ച സ്വയംപര്യാപ്ത കോളനി വികസന പ്രവർത്തനത്തിൽ അപാകതകളുള്ളതായി ഉപഭോക്താക്കൾ അറിയിച്ചതിനെത്തുടർന്ന് 21-5-2015-ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം കോളനിയിൽ യോഗം ചേർന്ന് പുരോഗതിയും പ്രശ്നങ്ങളും ചർച്ച ചെയ്തു. തുടർന്ന് ഓരോ പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തുന്നതിനും അപാകത പരിഹരിക്കുന്നതിനും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവരെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത കമ്മിറ്റി കോളനിയിലെ പ്രവൃത്തികൾ പരിശോധിച്ച് വരുന്നതുമാണ്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളനിയിൽ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയിൽ ഒന്നാം ഗഡുവായ 25 ലക്ഷം രൂപ കൈപ്പറ്റി, 70,64,442 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്.ഐ.റ്റി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പിന്നോക്കവിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതം

**299 (964)** ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ കാലാനുസൃതമായ വർദ്ധനവുണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14-ലെയും 2014-15-ലെയും വാർഷിക പദ്ധതി വിഹിതം എത്ര വീതമാണെന്നും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചത് ; അതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നും നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാലാനുസൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി)

| വകുപ്പ് | 2013-2014 | | 2014-2015 | |
|---|---|---|---|---|
| | പദ്ധതി വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ച തുക | പദ്ധതി വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ച തുക |
| പിന്നോക്ക സമുദായ വികസന വകുപ്പ് | 7002.01 | 6319.29948 | 9584.06 | 8756.74813 |
| കേരള സംസ്ഥാന പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ | 1000 | 1000 | 1289 | 800 |
| കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 500 | 495.34 | 600 | 150.00 |

(സി) പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly